## പെട്രോൾ, ഡീസൽ പ്രതിദിന വിലമാറ്റം 16 മുതൽ

**കൊച്ചി:** പെട്രോളിന്റെയും ഡീസലിന്റെയും പ്രതിദിന വിലമാറ്റം 16 മുതൽ രാജ്യവ്യാപകമായി നിലവിൽ വരും.

ഉപയോക്താക്കൾക്ക് വിലയെപ്പറ്റി ആശയക്കുഴപ്പം ഉണ്ടാകാതിരിക്കാൻ ഡീലർമാർക്ക് സമഗ്രമായ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. 26,000 ലേറെ ഇന്ത്യൻ ഓയിൽ ഡീലർമാർക്കു കൃത്യസമയത്തുതന്നെ വില വ്യത്യാസം സംബന്ധിച്ച് വിവരം നൽകും. അടുത്ത ദിവസത്തെ വില രാത്രി എട്ടിനു ലഭ്യമാക്കും. ഇന്ത്യൻ ഓയിലിന്റെ 10,000 വരുന്ന പമ്പുകളിൽ പ്രതിദിന വില കേന്ദ്രീകൃത ഓട്ടോമാറ്റിക് സംവിധാനത്തിലൂടെ അപ്ഡേറ്റ് ചെയ്യും. വിലമാറ്റം ദിവസവും രാത്രി 12 മുതൽ നിലവിൽ വരുന്നതും ഈ സംവിധാനം ഉപയോഗിച്ചാണ്.

ഓട്ടോമേറ്റഡ് അല്ലാത്ത പെട്രോൾ പമ്പുകളിൽ കസ്റ്റമൈസ്ഡ് എസ്.എം.എസ്,

ഇ-മെയിൽ, മൊബൈൽ ആപ്, വെബ് പോർട്ടൽ എന്നിവ വഴി വിലവ്യത്യാസം അറിയിക്കും. ഓട്ടോമേറ്റഡ് പമ്പുകളുടെ ഡീലർമാരെയും ഈ സംവിധാനം വഴി പുതുക്കിയ നിരക്ക് അറിയിക്കും. ഉപഭോക്താക്കൾക്ക് പ്രതിദിന വില വിവരം Fuel@IOC എന്ന മൊബൈൽ ആപ് വഴി അറിയാം. വില പരിശോധിക്കാൻ RSP<SPACE>DEALER CODE അടിച്ച് 92249 92249 എന്ന നമ്പറിലേക്ക് എസ്.എം.എസ്. ചെയ്യാം. ഡീലർ കോഡ് ഓരോ പമ്പിലും പ്രദർശിപ്പിക്കും.

## ജോലിയിൽ തിരികെയെത്തും: ജേക്കബ് തോമസ്

**തിരുവനന്തപുരം:** അവധിക്കുശേഷം ജോലിയിൽ തിരികെയെത്തുമെന്നു ഡി.ജി.പി. ജേക്കബ് തോമസ്. പുതിയ ചുമതലയെക്കുറിച്ചു സർക്കാരിൽനിന്ന് അറിയിപ്പ് കിട്ടിയിട്ടില്ല. അഴിമതിക്കെതിരേ എല്ലാവരും ഒറ്റക്കെട്ടായി പോരാടണം.

പാറ്റൂർ കേസിലെ 12 പക്ഷപാതിത്വങ്ങൾ പുസ്തകത്തിൽ എഴുതിയിരുന്നു. പക്ഷേ ഇതു തിരുത്താൻ ബന്ധപ്പെട്ടവർ തയാറായിട്ടില്ല. ഇക്കാര്യത്തിൽ കെടുകാര്യസ്ഥതതുടരുകയാണ്- മാധ്യമപ്രവർത്തകരോടു പറഞ്ഞു. ഈ മാസം 17 വരെയാണ് അദ്ദേഹം അവധിയെടുത്തിരിക്കുന്നത്.

## 'സി.പി.എമ്മിന്റെ ശ്രമം കണ്ണൂർ മോഡൽ ആക്രമണം വളർത്താൻ'

**കോഴിക്കോട്:** കണ്ണൂർ മോഡൽ ആക്രമണം വളർത്താനാണ് സി.പി.എം. ശ്രമിക്കുന്നതെന്നു ബി.എം.എസ്. ദേശീയ പ്രസിഡന്റ് അഡ്വ: സജി നാരായണൻ. കഴിഞ്ഞ ദിവസം തകർത്ത ബി.എം.എസ്. ജില്ലാ ഓഫീസ് സന്ദർശിച്ചശേഷം മാധ്യമങ്ങളോടു സംസാരിക്കുകയായിരുന്നു അദ്ദേഹം.

എതിർ പാർട്ടിക്കാരനെ ശാരീരികമായി കൈയേറ്റം ചെയ്യുന്ന രീതി സി.പി.എം. നിർത്തിയേ മതിയാകൂവെന്നും അദ്ദേഹം പറഞ്ഞു.

# പുതിയ വിനോദസഞ്ചാരനയം ഉടൻ

■ മലബാറിന്റെ കവാടം തുറക്കും

■ രാജുപോൾ
കൊച്ചി

മദ്യനയത്തിൽ മാറ്റംവരുത്തിയതോടെ വിനോദസഞ്ചാര മേഖലയിൽ ഉണർവു പ്രതീക്ഷിക്കുന്ന സർക്കാർ ഏതാനും മാസങ്ങൾക്കകം പുതിയ വിനോദസഞ്ചാരനയത്തിനും രൂപംനൽകും. ഇതിന്റെ ഭാഗമായി വടക്കൻ കേരളത്തിലെ മികച്ച വിനോദസഞ്ചാരകേന്ദ്രങ്ങളിലേക്കു വിദേശ വിനോദസഞ്ചാരികളെ എത്തിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കും. ഇതിനുള്ള കരട് തയാറായി.

തെക്കൻ കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളെ കൂടുതൽ ആശ്രയിക്കുന്ന രീതി മാറ്റി സംസ്ഥാനത്തിന്റെ വടക്കു ഭാഗത്തുള്ള പ്രധാന വിനോദസഞ്ചാര ആകർഷണ കേന്ദ്രങ്ങളെ കൂടുതൽ സജീവമാക്കും. മൂന്നാറും കുമരകവും കൊച്ചിയുമടങ്ങുന്ന ദക്ഷിണമേഖല വിനോദസഞ്ചാര കേന്ദ്രങ്ങൾക്ക് കിട്ടുന്ന പ്രാധാന്യം മലബാർ മേഖലയ്ക്കും കിട്ടുംവിധമായിരിക്കും പുതിയ വിനോദസഞ്ചാരനയം. കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളെ വിദേശികൾക്കു പരിചയപ്പെടുത്തുന്ന പാക്കേജുകൾ ആവിഷ്ക്കരിക്കും. അഞ്ചു വർഷത്തിനകം ഇരട്ടി വിനോദസഞ്ചാരികൾ എന്നതാണു നയത്തിന്റെ അടിസ്ഥാനം.

മലബാറിലേക്കുള്ള വിനോദസഞ്ചാര കവാടം തുറക്കാൻ പ്രേരണയായതു കഴിഞ്ഞവർഷം കേരളത്തിൽ സന്ദർശനം നടത്തിയ പത്തുലക്ഷത്തോളം വിദേശവിനോദസഞ്ചാരികളാണെന്നു വിദഗ്ധർ പറയുന്നു. സാഹസിക വിനോദസഞ്ചാരത്തിനു കേരളത്തിൽ മികച്ച സാധ്യത ഉണ്ടെന്നാണ് വിലയിരുത്തൽ. യുവാക്കളായ വിനോദസഞ്ചാരികളെയാണ് ഇതിലൂടെ ലക്ഷ്യംവയ്ക്കുന്നത്. പതിറ്റാണ്ടുകളായി കേരളത്തിന്റെ വിനോദസഞ്ചാര രംഗത്ത് പേരെടുത്ത ആയുർവേദ ടൂറിസവും കായൽ ടൂറിസവും മാത്രമല്ല ഇനിയുള്ള വർഷങ്ങളിൽ വേണ്ടതെന്നാണ് കരട് രേഖയിൽ വ്യക്തമാക്കുന്നത്.

THOMSON
PVC PIPE
A kanichai product

## മഞ്ഞപ്പിത്തം: ഒറ്റമൂലി ചികിത്സ തിരിച്ചടിയാകുന്നെന്ന് ആരോഗ്യവകുപ്പ്

■ വി.പി. നിസാർ
മലപ്പുറം

സംസ്ഥാനത്ത് മഞ്ഞപ്പിത്തം ബാധിച്ചു മരിക്കുന്നവരുടെ എണ്ണം വർധിക്കുന്നു. 17 പേരാണ് ഈ വർഷം പകുതിയാകുമ്പോഴേക്കും മരിച്ചത്. രോഗം ബാധിച്ചതിനാലെന്നു സംശയിക്കുന്ന മരണങ്ങൾ ഇതിന്റെ രണ്ടിരട്ടിയിലധികംവരും. കഴിഞ്ഞ വർഷം 15 പേരാണു മഞ്ഞപ്പിത്തം ബാധിച്ചു മരിച്ചത്. രോഗബാധിതർ ഒറ്റമൂലി ചികിത്സയെ ആശ്രയിക്കുന്നതാണു മരണസംഖ്യ ഉയരാൻ കാരണമാകുന്നതെന്നാണ് ആരോഗ്യവകുപ്പിന്റെ മുന്നറിയിപ്പ്.

ഒറ്റമൂലി മരുന്നുകളെ ആശ്രയിക്കുന്നതാണു മരണങ്ങൾക്കു കാരണമാകുന്നതെന്നു സംസ്ഥാന പകർച്ചവ്യാധി നീരീക്ഷണ സെല്ലിലെ എപ്പിഡമോളജിസ്റ്റ് എ. സുകുമാരൻ 'മംഗള'ത്തോട് പറഞ്ഞു. ഒറ്റമൂലി മരുന്നുകളെ മാത്രം ആശ്രയിച്ചുകഴിഞ്ഞ രണ്ടു പേരാണു കഴിഞ്ഞ ദിവസങ്ങളിലായി മലപ്പുറത്തു മരിച്ചതെന്നു ഡി.എം.ഒ: കെ. സക്കീനയും വ്യക്തമാക്കി.

ഈ വർഷം മഞ്ഞപ്പിത്തം ബാധിച്ചുള്ള മരണം ഏറ്റവും സ്ഥിരീകരിച്ചതു വയനാട് ജില്ലയിലാണ്. അഞ്ചുപേർ. മലപ്പുറത്തു നാലും എറണാകുളത്തും മൂന്നും പേർ മരിച്ചു. അതേസമയം, മലപ്പുറത്തു മഞ്ഞപ്പിത്തം ബാധിച്ചതിനാലെന്നു സംശയിക്കുന്ന മരണങ്ങൾ ഏഴാണ്. ഇത്തരത്തിൽ മറ്റു ില്ലകളിലെയും എണ്ണത്തിൽ വ്യത്യാസമുണ്ട്. അസുഖം ബാധിക്കുന്നവരിലും മരിക്കുന്നവരിലും ഭൂരിഭാഗവും യുവാക്കളാണ്.

മഞ്ഞപ്പിത്തം പലപ്പോഴും മറ്റു രോഗങ്ങളുടെയും ലക്ഷണമാകാം. എലിപ്പനി ഉൾപ്പെടെ കരളിനെ ബാധിക്കുന്ന പലരോഗങ്ങളുടെയും ആദ്യ ലക്ഷണം മഞ്ഞപ്പിത്തമാകും. കൃത്യമായ രോഗനിർണയംനടത്താതെ ചികിത്സ തുടങ്ങുന്നതു പലപ്പോഴും അപകടങ്ങൾ ഉണ്ടാകാൻ കാരണമാകുന്നുണ്ടെന്നും ആരോഗ്യവകുപ്പ് മുന്നറിയിപ്പ് നൽകുന്നു.

മഞ്ഞപ്പിത്തംബാധിച്ചു മരണങ്ങൾ വർധിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ആയുർവേദ, ഹോമിയോ, അലോപ്പതി ഡോക്ടർമാരുടെ സംയുക്ത യോഗം വിളിക്കാൻ ആലോചനയുണ്ട്.

# 'വിറപ്പിച്ച്' പനി

## എച്ച്1എൻ1 മരണനിരക്കുയരുന്നു

■ ജി. ഹരികൃഷ്ണൻ
തിരുവല്ല

ആരോഗ്യവകുപ്പിന് ആശങ്കയേറ്റി എച്ച്1എൻ1 മരണനിരക്കുയരുന്നു. ശ്വാസകോശത്തെ ബാധിക്കുന്ന ഈ വൈറസ് രോഗം ഈവർഷം ഇതുവരെ അപഹരിച്ചതു 49 മനുഷ്യജീവൻ. ഈമാസം മാത്രം രോഗം പിടിപെട്ട 101 പേരിൽ അഞ്ചുപേർ മരിച്ചതായാണ് ആരോഗ്യവകുപ്പിന്റെ കണക്ക്.

ഈവർഷം രോഗബാധിതരുടെ എണ്ണം വർധിച്ചതായി വകുപ്പധികൃതർ വ്യക്തമാക്കി. അഞ്ചുമാസത്തിനിടെ 705 പേരിൽ രോഗം കണ്ടെത്തി. ഇവരിൽ 49 പേർ മരിച്ചു.

രാജ്യത്ത് 2009-ൽ കണ്ടെത്തിയ എച്ച്1എൻ1 പനി 2012, 15 വർഷങ്ങളിലാണു കേരളം ഉൾപ്പടെയുള്ള സംസ്ഥാനങ്ങളിൽ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ടത്. എന്നാൽ ഇത്തവണ രോഗബാധ കൂടുതൽ മാരകമാണെന്നു കണക്കുകൾ വ്യക്തമാക്കുന്നു. എറണാകുളം ജില്ലയിലാണു രോഗം കൂടുതലായി റിപ്പോർട്ട് ചെയ്യുന്നത്. കഴിഞ്ഞദിവസം 10 പേരിൽ സ്ഥിരീകരിച്ചു. തുമ്മലിലൂടെയും ചുമയിലൂടെയും പകരുന്ന എച്ച്1എൻ1 തുടക്കത്തിൽ കണ്ടുപിടിക്കാതെ പോകുന്നതാണ് രോഗിയുടെ ആരോഗ്യനില വഷളാക്കുന്നത്.

അതുകൊണ്ടുതന്നെ പനി ബാധിച്ചാൽ രോഗനിർണയത്തിൽ ജാഗ്രത പാലിക്കണം. രോഗം കണ്ടെത്തിയാൽ നിലവിലുള്ള മാർഗരേഖകൾ പ്രകാരം പ്രത്യേകചികിത്സ ലഭ്യമാക്കണമെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ നിർദേശിച്ചു.

ഡെങ്കിപ്പനിയും സംസ്ഥാനത്തു പടർന്നുപിടിക്കുകയാണ്. തിരുവനന്തപുരം, കൊല്ലം, മലപ്പുറം, പാലക്കാട്, കോഴിക്കോട് ജില്ലകളിലാണു രോഗം കൂടുതലായി കണ്ടെത്തുന്നത്. ഈമാസം ഇതുവരെ 4951 പേർ ഡെങ്കിപ്പനിബാധ സംശയിച്ച് വിവിധ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടി. 1042 പേർക്കു രോഗം സ്ഥിരീകരിച്ചു. ഇവരിൽ 10 പേർ മരിച്ചു.

### മാരകമാണ്, കരുതിയിരിക്കാം




എച്ച്1 എൻ1 വൈറസ് രോഗമാണ്. രോഗി തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും രോഗം പകരാം. രോഗാണുക്കൾ നിറഞ്ഞ മലിനവസ്തുക്കളിൽ സ്പർശിച്ചശേഷം കൈകൾ കഴുകാതെ മൂക്കിലും കണ്ണിലും വായിലും തൊട്ടാൽ രോഗബാധയുണ്ടാകും.

ഗർഭിണികൾ, മറ്റു രോഗങ്ങളുള്ളവർ, പ്രമേഹരോഗികൾ, വയോധികർ, കുട്ടികൾ എന്നിവരിൽ രോഗം മാരകമാകാം. ശക്തമായ പനി, ജലദോഷം, തൊണ്ടവേദന.

ചുമ, തലവേദന, ശരീര വേദന, കഠിനമായ ക്ഷീണം, ശ്വാസംമുട്ടൽ, നെഞ്ചുവേദന, രക്തം കലർന്ന കഫം എന്നിവയുണ്ടായാൽ ഡോക്ടറുടെ സേവനം ഉറപ്പുവരുത്തണം. രോഗികൾ പോഷകാഹാരങ്ങൾ കഴിക്കുകയും ആവശ്യത്തിനു വെള്ളം കുടിക്കുകയും വേണം.


■ വിഴിഞ്ഞം കരാർ

# ഓഡിറ്റ് റിപ്പോർട്ടിനെതിരേ സി.എ.ജിക്ക് ഉമ്മൻ ചാണ്ടി പരാതി നൽകി

■ സ്വന്തം ലേഖകൻ
തിരുവനന്തപുരം

വിഴിഞ്ഞം തുറമുഖ കരാറുമായി ബന്ധപ്പെട്ട് സി.എ.ജി റിപ്പോർട്ടിലെ പരാമർശങ്ങൾക്കെതിരേ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന് പരാതി നൽകി. സി.എ.ജി റിപ്പോർട്ടിലെ കണ്ടെത്തലുകൾ പലതും വസ്തുതാ വിരുദ്ധവും നടപടി ക്രമങ്ങളിൽ തെറ്റുകൾ ഉണ്ടായിട്ടുണ്ടെന്നും ചൂണ്ടിക്കാട്ടിയാണ് അദ്ദേഹം ന്യൂഡൽഹിയിൽ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ശശികാന്ത് ശർമയ്ക്ക് കത്തു നൽകിയത്. റിപ്പോർട്ടിൽ കടന്നുകൂടിയിരിക്കുന്ന തെറ്റുകളും വീഴ്ചകളും കത്തിൽ വിശദമായി ചൂണ്ടിക്കാട്ടി. സി.എ.ജി ഇതേക്കുറിച്ച് നേരിട്ട് അന്വേഷിക്കണമെന്നാണ് ഉമ്മൻചാണ്ടിയുടെ ആവശ്യം.

വിഴിഞ്ഞം കരാറുമായി ബന്ധപ്പെട്ട റിപ്പോർട്ടിനെക്കുറിച്ച് അന്വേഷിക്കുന്നതിന് സർക്കാർ ജുഡീഷ്യൽ കമ്മിഷനേയും നിയോഗിച്ചുകഴിഞ്ഞു. മാത്രമല്ല, നാളെ കെ.പി.സി.സിയുടെ രാഷ്ട്രീയകാര്യ സമിതിയോഗം ചേരുന്നുണ്ട്. സി.എ.ജി റിപ്പോർട്ട് വന്നപ്പോൾ തന്നെ രാഷ്ട്രീയ കാര്യസമിതി യോഗം വിളിച്ച് ഇക്കാര്യം ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് കെ.പി.സി.സി വൈസ് പ്രസിഡന്റ് കൂടിയായ വി.ഡി. സതീശൻ കത്തും നൽകിയിരുന്നു.



ഈയൊരു സാഹചര്യത്തിൽ നാളെ ചേരുന്ന രാഷ്ട്രീയകാര്യസമിതിയിൽ ഇത് ഉയർന്നുവരാനുള്ള സാധ്യതയുമുണ്ട്. ഇതൊക്കെ മുന്നിൽകണ്ടാണ് ഉമ്മൻചാണ്ടി സി.എ.ജിക്ക് പരാതി നൽകിയിരിക്കുന്നത്.

വിഴിഞ്ഞം കരാർ സംബന്ധിച്ച് ബാഹ്യ ഇടപെടൽ ഉണ്ടായി എന്നാണ് ഉമ്മൻചാണ്ടിയുടെ പ്രധാന ആരോപണം. കരാറുമായി ബന്ധപ്പെട്ട് മുൻധാരണകൾ പുലർത്തിയിരുന്ന മുൻ ഓഡിറ്റ് ഉദ്യോഗസ്ഥനായ ആർ. തുളസീധരൻ പിള്ളയെ ഓഡിറ്റ് സമയത്ത് കൺസൽട്ടന്റായി നിയമിച്ചതിനെയാണ് പ്രധാനമായും ഉമ്മൻ ചാണ്ടി ചോദ്യം ചെയ്തിരുന്നത്.

ഓഡിറ്റ് ടീമിൽ പിള്ളയുടെ സാന്നിധ്യം രേഖകളുടെയും വസ്തുതകളുടെയും അടിസ്ഥാനത്തിൽ നിഷ്പക്ഷമായ ഓഡിറ്റിന് തടസമായിട്ടുണ്ടാകാമെന്ന കടുത്ത ആരോപണം ഉമ്മൻചാണ്ടി ഉന്നയിച്ചിരുന്നു.

ഓഡിറ്റ് ചെയ്ത തിരുവനന്തപുരം എജീസ് ഓഫീസിലെ ഉദ്യോഗസ്ഥർ ഇതിന്റെ വസ്തുത പരിശോധിച്ചിട്ടില്ല. റിപ്പോർട്ടുമായി ബന്ധപ്പെട്ട് വിശദമായ മറുപടികൾ സംസ്ഥാന സർക്കാർ ഓഡിറ്റിന്റെ വിവിധ ഘട്ടങ്ങളിൽ സമർപ്പിച്ചതാണ്. എന്നാൽ ഇവയൊന്നും പ്രിൻസിപ്പൽ എ.ജി വേണ്ടതുപോലെ പരിഗണിക്കുകയോ, റിപ്പോർട്ടിന് ഉപയോഗിക്കുകയോ ചെയ്തിട്ടില്ല. മാത്രമല്ല, സംസ്ഥാന തുറമുഖ സെക്രട്ടറിയെ പ്രിൻസിപ്പൽ എ.ജി കൂടിക്കാഴ്ചയ്ക്ക് ക്ഷണിച്ചിരുന്നു. തുറമുഖസെക്രട്ടറി പ്രിൻസിപ്പൽ ഏ.ജിയുടെ ഓഫീസിൽ എത്തിയെങ്കിലും ആ യോഗത്തിൽ പങ്കെടുക്കാൻ പ്രിൻസിപ്പൽ എ.ജി തയാറായില്ല. ഇത് നടപടിക്രമങ്ങളിലുണ്ടായ ഗുരുതര വീഴ്ചയാണ്.

തുടക്കം മുതൽ ഒടുക്കം വരെ വിഴിഞ്ഞം കരാറിന്റെ എല്ലാ കാര്യങ്ങളും സുതാര്യമായാണ് ചെയ്തിട്ടുള്ളതെന്നാണ് ഉമ്മൻ ചാണ്ടിയുടെ നിലപാട്. കേന്ദ്ര സർക്കാരിന്റെയും ഉന്നതാധികാരസമിതിയുടെയും ആസൂത്രണ കമ്മിഷന്റെയുമൊക്കെ നിർദ്ദേശങ്ങളുടേയും മേൽനോട്ടത്തിന്റേയും അടിസ്ഥാനത്തിലാണ് ഇവ നടന്നിട്ടുള്ളതെന്ന് ഉമ്മൻചാണ്ടി വ്യക്തമാക്കി. സംശയങ്ങൾ ദൂരീകരിക്കേണ്ടത് അനിവാര്യമാണ്. അതിനുള്ള നടപടികൾ കൈക്കൊള്ളാൻ സി.എ.ജിയോട് ആവശ്യപ്പെടുന്നതിനാണ് കത്ത് നൽകിയിരിക്കുന്നത്.

## നോട്ടീസ് നൽകാത്ത ഹർത്താലുകളോട് സഹകരിക്കില്ല: ടി.നസിറുദ്ദീൻ

**കോഴിക്കോട്:** മുൻകൂട്ടി നോട്ടീസ് നൽകാത്ത ഹർത്താലുകളോടു സഹകരിക്കില്ലെന്ന് വ്യാപാര വ്യവസായി ഏകോപന സമിതി പ്രസിഡന്റ് ടി.നസിറുദ്ദീൻ. ഇക്കാര്യം രാഷ്ട്രീയ പാർട്ടികളെ അറിയിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

പാർട്ടികൾ ഹർത്താൽ നടത്തുന്നതിലൂടെ ജനാധിപത്യവിരുദ്ധ പ്രവർത്തനമാണ് നടത്തുന്നത്. ഹർത്താൽ പ്രഖ്യാപിച്ചു കച്ചവടക്കാർ കടപൂട്ടുക എന്നതു വ്യാപാരികളുടെ മേൽ കുതിര കയറുന്ന തീരുമാനമാണ്. പെട്ടന്നുള്ള ഹർത്താലുകളും ബന്ദുകളും ജനങ്ങൾക്കു കടുത്ത ബുദ്ധിമുട്ടാണ് ഉണ്ടാക്കുന്നത്. രാഷ്ട്രീയപിന്തുണ തേടി ഹർത്താലുകളെ എതിർക്കാനാണ് സംസ്ഥാന സെക്രട്ടേറിയറ്റ് സ്വീകരിച്ച തീരുമാനം. ഹർത്താൽ ദിവസം കട തുറന്നു നഷ്ടം സംഭവിച്ചാൽ നികത്താനുള്ള സഹായം ഭരണകൂടം നൽകുമെങ്കിൽ കട തുറക്കും. സ്വത്തിനും ജീവനും സംരക്ഷണം ഇല്ലെങ്കിൽ കട തുറക്കാനാകില്ല. 17 ലക്ഷം വ്യാപാരികൾ കേരളത്തിലുണ്ട്. ഒന്നരക്കോടി ജനങ്ങൾ പ്രവർത്തിക്കുന്ന മേഖല നിശ്ചലമാകുമ്പോൾ സംസ്ഥാനത്തിനുണ്ടാകുന്നതു കനത്ത നഷ്ടമാണ്.

■ സൂര്യനെല്ലിക്കേസ്

## പി.ജെ. കുര്യനെതിരായ നീക്കത്തിന് പിന്നിൽ കോൺഗ്രസ് നേതാവായിരുന്നെന്നു സിബി മാത്യൂസ്

**തിരുവനന്തപുരം/കോട്ടയം:** സൂര്യനെല്ലിക്കേസിൽ രാജ്യസഭാ ഉപാധ്യക്ഷൻ പി.ജെ. കുര്യനെതിരായ നീക്കങ്ങൾക്കു പിന്നിൽ ഒരു കോൺഗ്രസ് നേതാവായിരുന്നെന്നു മുൻ ഡി.ജി.പി. സിബി മാത്യൂസ്. "നിർഭയം ഒരു ഐ.പി.എസ്. ഓഫീസറുടെ ഓർമ്മക്കുറിപ്പ്" എന്ന പുസ്തകത്തിലാണ് ഈ പരാമർശം. കേസിൽ കുര്യനെ ഒഴിവാക്കിയെന്ന് ആരോപണം നേരിട്ട സിബി മാത്യൂസ് ഈ കോൺഗ്രസ് നേതാവിന്റെ പേരു പരാമർശിക്കാതെയാണു കാര്യങ്ങൾ വിവരിക്കുന്നത്.

കെ.പി.സി.സി. പ്രസിഡന്റായിരുന്ന രമേശ് ചെന്നിത്തലയെ സംസ്ഥാന ആഭ്യന്തരമന്ത്രിയാക്കണമെന്നു കോൺഗ്രസിൽനിന്നുതന്നെ ആവശ്യം ശക്തമായ കാലമായിരുന്നു കുര്യനെതിരേ വീണ്ടും നീക്കമുണ്ടായത്. എൻ.എസ്.എസിനെ പ്രീണിപ്പിക്കാനായിരുന്നു നീക്കം. ഇതിനു പിന്നിൽ കോൺഗ്രസുകാർതന്നെയായിരുന്നു.

സൂര്യനെല്ലിക്കേസിൽ അക്കാലത്തു ചില വെളിപ്പെടുത്തലുകൾ നടത്തിയ ഒരു പോലീസ് ഉദ്യോഗസ്ഥനെ കഴിഞ്ഞ സർക്കാരിന്റെ കാലത്തെ ഒരു മന്ത്രിയായിരുന്നു ചാനൽ മുറിയിലെത്തിച്ചത്. രമേശ് ചെന്നിത്തലയെ സംസ്ഥാന ആഭ്യന്തരമന്ത്രിയാക്കാൻ ശ്രമിച്ച പി.ജെ. കുര്യനെ ഒതുക്കാനായിരുന്നു ഈ നീക്കം.

കുര്യനെതിരായ നീക്കത്തിനു പിന്നിൽ 2ജി കേസ് നിയന്ത്രിച്ചിരുന്ന കോൺഗ്രസ് നേതാവായിരുന്നു. ഒരു ചാനൽ മേധാവിയും ഒപ്പമുണ്ടായിരുന്നെന്നും പുസ്തകത്തിൽ പറയുന്നു. സിബി മാത്യൂസ് പരാമർശിക്കുന്ന കാലത്ത് തിരുവഞ്ചൂർ രാധാകൃഷണനായിരുന്നു ആഭ്യന്തരമന്ത്രി.

സിബി മാത്യൂസിന്റെ വെളിപ്പെടുത്തൽ വെറും തമാശമാത്രമാണെന്നു തിരുവഞ്ചൂർ രാധകൃഷ്ണൻ എം.എൽ.എ. കോട്ടയത്തു പറഞ്ഞു. രണ്ട് ഉദ്യോഗസ്ഥർ തമ്മിലുള്ള തർക്കത്തിന്റെ ഭാഗമാണ് ഈ പരാമർശം. സർവീസ് സ്റ്റോറിയിൽ കത്തിയും കഠാരയും മുള്ളും മുനയും സ്വാഭാവികംമാത്രമാണ്. ഈ കാര്യത്തിൽ ഒഴികെ സിബി മാത്യൂസ് സത്യസന്ധനായ ഉദ്യോഗസ്ഥനെന്നും തിരുവഞ്ചൂർ പറഞ്ഞു.

■ സുബീഷിന്റെ വെളിപ്പെടുത്തലുകൾ പരസ്പര വിരുദ്ധം

# ഫസൽ വധക്കേസ് സങ്കീർണം; സി.പി.എമ്മിന് ആഭ്യന്തരപ്രശ്നം

■ സ്വന്തം ലേഖകൻ
കണ്ണൂർ

എൻ.ഡി.എഫ്. പ്രവർത്തകൻ ഫസൽ വധക്കേസിൽ പുനഃരന്വേഷണത്തിനു തീരുമാനമെടുക്കേണ്ടതു കോടതിയും സി.ബി.ഐയുമാണെങ്കിലും ആർ.എസ്.എസ്. പ്രവർത്തകൻ സുബീഷിന്റെ പരസ്പരവിരുദ്ധമായ വെളിപ്പെടുത്തലുകൾ കേസ് സങ്കീർണമാക്കുന്നു. പുനരന്വേഷണത്തിനു തീരുമാനമുണ്ടായില്ലെങ്കിൽ സി.പി.എം. പ്രതിരോധത്തിലാകും.

കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര മന്ത്രിയായിരുന്നപ്പോഴാണു ഫസൽവധക്കേസിൽ സി.പി.എമ്മിലേക്ക് അന്വേഷണം നീണ്ടത്. പുനഃരന്വേഷണം നടന്നില്ലെങ്കിൽ സുബീഷിന്റെ കുറ്റസമ്മത മൊഴി പ്രചാരണായുധമാക്കി അന്വേഷണം അട്ടിമറിക്കപ്പെട്ടുവെന്ന വിമർശനം നടത്താൻ പോലും സി.പി.എമ്മിനു കഴിയാതെ വരും. ഇടതുഭരണ കാലത്തുപോലും കേസുകൾ അട്ടിമറിക്കാൻ ആർ.എസ്.എസിനു കഴിഞ്ഞിരുന്നുവെന്ന പ്രതീതിയുണ്ടാകുന്നതു സി.പി.എമ്മിൽ ആഭ്യന്തരപ്രശ്നത്തിനിടയാക്കും.

ആഭ്യന്തര മന്ത്രിയായിരുന്ന കോടിയേരി ബാലകൃഷ്ണന്റെ വീടിനു മുന്നിലൂടെ ആ പോലീസിനെതിരേ മുദ്രാവാക്യവുമായി അന്വേഷണകാലത്ത് സി.പി.എം. പ്രവർത്തകർ പ്രകടനം നടത്തി പ്രതിഷേധിച്ചിരുന്നു. കേസിൽ നിരപരാധികളായ സി.പി.എം. പ്രവർത്തകരുടെ അറസ്റ്റ് കോടിയേരി ബാലകൃഷ്ണൻ തടഞ്ഞില്ലെന്നതിലായിരുന്നു പ്രാദേശിക നേതൃത്വത്തിന്റെ പ്രതിഷേധം.


■ ഫസൽ

ഇടതുമുന്നണി ഭരണകാലമായിട്ടും ഫസൽ വധക്കേസിൽ തുടക്കം മുതൽ ഒരുഘട്ടത്തിലും ആർ.എസ്.എസിനെതിരേ പോലീസ് അന്വേഷണം നീങ്ങിയില്ലെന്നതും വിഷയമാകും. കൊലപാതകത്തിൽ ആർ.എസ്.എസ്. പങ്ക് വ്യക്തമാക്കുന്ന തരത്തിലുള്ള മൊഴിയുടെ വീഡിയോ ദൃശ്യവും ഫോൺസംഭാഷണവും പുറത്തുവന്നതുമായി ബന്ധപ്പെട്ട് നിയമക്കുരുക്കുകളുണ്ട്.

കൊലപാതകം സംബന്ധിച്ച് സുബീഷിന്റെ മൊഴിയും മൊഴി നിഷേധവും ഫോൺ സംഭാഷണവും തമ്മിൽ വലിയ അന്തരങ്ങളാണുള്ളത്. പോലീസ് ചോദ്യം ചെയ്യലിലെ ദൃശ്യത്തിൽ സുബീഷ് പറയുന്നതു താൻ ബൈക്ക് ഓടിക്കുക മാത്രമാണു ചെയ്തതെന്നും മറ്റു മൂന്നുപേരാണു ഫസലിനെ വെട്ടിയതെന്നുമാണ്. എന്നാൽ ആർ.എസ്.എസ് നേതാവിനോടുള്ള ഫോൺ സംഭാഷണത്തിൽ താനാണ് ആദ്യം ബൈക്കിൽനിന്നു ചാടിയിറങ്ങി ഫസലിനെ വെട്ടിവീഴ്ത്തിയതെന്നു വെളിപ്പെടുത്തുന്നു. കൊലപാതകത്തിനുശേഷം ആയുധം ഉപേക്ഷിച്ചതു സംബന്ധിച്ച് വിശദീകരിച്ചതിലും വൈരുധ്യമുണ്ട്.

ഫോൺ സംഭാഷണം തന്റേതല്ലെന്നു സുബീഷ് വ്യക്തമാക്കിയ സാഹചര്യത്തിൽ രേഖകൾ ശബ്ദപരിശോധനയ്ക്കു വിടാൻ തയാറെടുക്കുകയാണു പോലീസ്. സി.പി.എമ്മും ഈ ആവശ്യമുന്നയിച്ചിട്ടുണ്ട്. അതേ സമയം ബീഷിന്റെ മൊഴിയുടെ ദൃശ്യങ്ങളും ഫോൺ സംഭാഷണത്തിന്റെ ഓഡിയോ ക്ലിപ്പും ഫസലിന്റെ സഹോദരൻ അബ്ദുൾ സത്താറിനും സി.പി.എം. സൈബർ കേന്ദ്രങ്ങളിലും സുഎത്തിയതുമായി ബന്ധപ്പെട്ട് പോലീസും നിയമകുരുക്കിലകപ്പെടാൻ സാധ്യതയുണ്ട്. അന്വേഷണം നടന്നുകൊണ്ടിരിക്കുന്ന പടുവിലായി മോഹനൻ വധക്കേസിൽ പിടിയിലായപ്പോൾ സുബീഷ് നൽകിയ മൊഴിയാണു പുറത്തുവന്നിരിക്കുന്നത്. അന്വേഷണഘട്ടത്തിലുള്ള കേസിന്റെ അന്വേഷണ വീഡിയോ സിഡിയും ശബ്ദരേഖയും പോലീസ് കൈമാറിയതു നിയമവിരുദ്ധമാണെന്നു നിയമവിദഗ്ധരുടെ അഭിപ്രായം.

ആർ.എസ്.എസ്. നേതാവുമായി നടത്തിയതെന്നു കരുതുന്ന ഫോൺ സംഭാഷണം നേരത്തേ പ്രചരിച്ച സാഹചര്യത്തിൽ സുബീഷ് ബോധപൂർവം മൊഴി മാറ്റിയതാണെന്ന നിഗമനത്തിലാണു പോലീസ്. ചോദ്യം ചെയ്യലിൽ നൽകിയ മൊഴി മർദിച്ച് പറയിച്ചതാണെന്നു ചൂണ്ടിക്കാട്ടി സുബീഷ് പിന്നീട് നിഷേധിക്കുകയും ചെയ്തു. സി.ബി.ഐ. അന്വേഷണത്തിന് ആവശ്യമുന്നയിച്ച ഫസലിന്റെ ഭാര്യ മറിയുവും കൊലപാതകത്തിന് ഉത്തരവാദികൾ ആർ.എസ്.എസാണെന്ന് ആദ്യഘട്ടത്തിൽ നിലപാടെടുത്ത എൻ.ഡി.എഫ്. നേതൃത്വവും ഇപ്പോൾ സ്വീകരിക്കുന്ന മൗനവും സി.പി.എമ്മിന്റെ പ്രതിരോധനീക്കങ്ങളെ ബാധിക്കുന്നു.

## സുബീഷിന്റെ രണ്ടുവർഷം മുമ്പുള്ള ഫോൺ സംഭാഷണം സി.ബി.ഐ അന്വേഷിക്കണം: പി. ജയരാജൻ

**തിരുവനന്തപുരം:** ഫസൽ സംഭവത്തിലെ കുറ്റസമ്മത മൊഴി ആർ.എസ്.എസ് നേതാക്കളുടെ സമ്മർദത്തിന് വഴങ്ങി നിഷേധിക്കുന്ന സാഹചര്യത്തിൽ രണ്ടുവർഷം മുമ്പ് സുബീഷ് നടത്തിയ ഫോൺ സംഭാഷണത്തെക്കുറിച്ച് സി.ബി.ഐ സോണോഗ്രാഫിക് പരിശോധന നടത്തണമെന്ന് സി.പി.എം കണ്ണൂർ ജില്ലാ സെക്രട്ടറി പി.ജയരാജൻ പത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

സുബീഷ് കഴിഞ്ഞ ദിവസം നടത്തിയ പത്രസമ്മേളനത്തിലെ ശബ്ദവും ഫോൺ സംഭാഷണത്തിലെ ശബ്ദവും ഒന്നാണോ എന്ന് ഇത്തരമൊരു ശാസ്ത്രീയ പരിശോധനയിലൂടെ തെളിയിക്കാവുന്നതാണ്. പോലീസിലെ കുറ്റസമ്മത മൊഴിയിൽ പറഞ്ഞ ഫസൽ വധത്തിലെ തന്റെ പങ്കാളിത്തം തന്നെയാണ് ഫോൺ സംഭാഷണത്തിലും ഉൾപ്പെട്ടിട്ടുള്ളതെന്നും അദ്ദേഹം പറഞ്ഞു. കുറ്റസമ്മത മൊഴിയിൽ ഫസൽ കൊലപാതക സംഭവത്തിൽ പങ്കാളിയാണെന്ന് പറയുന്ന ഷിനോജിന്റെ ഫോൺ സംഭാഷണവും പുറത്തുവന്നിട്ടുണ്ട്.

തൃശൂർ മതിലകം പോലീസ് സ്റ്റേഷനിലും വാടാനപ്പള്ളി പോലീസ് സ്റ്റേഷനിലും ഉള്ള രണ്ട് കൊലപാതക കേസുകളിൽ വിചാരണ കോടതി ശിക്ഷിച്ചതിനുശേഷം അവരല്ല യഥാർത്ഥ പ്രതികൾ എന്നു തെളിവ് ലഭിച്ചതിനെ തുടർന്ന് ശിക്ഷിക്കപ്പെട്ട പ്രതികളെ വിട്ടയച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

**PTL Enterprises Limited**
Regd. Off : 3rd floor,Areekal Mansion,Near Manorama Junction,Panampilly Nagar,Kochi - 682036
CIN: L25111KL1959PLC009300,**Webdite** - www.ptlenterprise.com
Email : investors@ptlenterprise.com;Tel:0484 4012046, 4012047, Fax: (0484) - 4012048

**56 -ാമത് വാർഷിക പൊതുയോഗം, റിമോട്ട് ഇ- വോട്ടിംഗിനെക്കുറിച്ചുള്ള വിവരങ്ങൾ, ബുക് ക്ലോഷർ എന്നിവയുടെ വിജ്ഞാപനം**

കമ്പനിയുടെ 56 -ാമത് വാർഷിക പൊതുയോഗം ഭാരത് ടൂറിസ്റ്റ് ഹൗസ്,(ബിടിഎച്ച്)5-ാം നില,ഡിഎച്ച് റോഡ്,ഗാന്ധി സ്ക്വയർ,കൊച്ചി,കേരള- 682016 ൽ വെച്ച് ജൂലൈ 5,2017 ബുധനാഴ്ച 11 എഎംന് നടത്തുന്നതായിരിക്കും. ഇക്കാര്യം പ്രത്യേക നോട്ടീസായി കമ്പനിയിലെ അംഗങ്ങൾക്കെല്ലാം 2016 -2017 സാമ്പത്തിക വർഷത്തിന്റെ വാർഷിക റിപ്പോർട്ട്സഹിതം, അയച്ചു നൽകിയിട്ടുണ്ട്. കമ്പനിയുടെ പക്കൽ ആശയവിനിമയാവശ്യങ്ങൾക്കായി ഇ - മെയിൽ നൽകിയിട്ടുള്ള എല്ലാ അംഗങ്ങൾക്കും AGM-ന്റെ നോട്ടീസും 2016 - 2017 വാർഷിക റിപ്പോർട്ടും ഇലക്ട്രോണിക് കോപ്പിയായി അയച്ചു നൽകിയിട്ടുണ്ട്. എന്നാൽ ഹാർഡ് കോപ്പിവേണമെന്ന് നിഷ്കർഷിച്ചിട്ടുള്ളവർക്ക് ഇലക്ട്രോണിക് കോപ്പി അയച്ചിട്ടില്ല. 2017 ജൂൺ 10 -ന് നോട്ടീസ് തപാലിലോ ഇ - മെയിൽ മുഖേനയോ അയക്കുന്നത് പൂർത്തിയാക്കിയിട്ടുണ്ട്. AGM -ന്റെ നോട്ടീസും 2016 - 2017 വാർഷിക റിപ്പോർട്ടും കമ്പനിയുടെ വെബ്സൈറ്റായ www.ptlenterprise.com - ലും NSDL വെബ്സൈറ്റായ www.evoting.nsdl.com- ലും ലഭ്യമാക്കിയിട്ടുണ്ട്.

കമ്പനീസ് ആക്ട് 2013 - ന്റെ സെക്ഷൻ 108, കമ്പനിസ് (മാനേജ്മെന്റ് ആൻഡ് അഡ്മിനിസ്ട്രേഷൻ) ചട്ടം 2014 - ന്റെ 20 - ാം ചട്ടം, SEBI യുടെ മാറ്റം വരുത്തിയ 44 നിയമാവലി (ലിസ്റ്റിംഗ് ഒബ്ലിക്കേഷൻസ് ആൻഡ് ഡിസ്ക്ലോഷർ റിക്വയർമെന്റ്സ്)റെഗുലേഷൻ 2015 പ്രകാരം എന്നിവ കണക്കിലെടുത്ത് കമ്പനിയുടെ എല്ലാ ഓഹരിയുടമകൾക്കും ഇ - വോട്ടിംഗ് സൗകര്യം ഏർപ്പെടുത്തുകയാണ്. AGM നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുള്ള സാധാരണവും സവിശേഷവുമായ ബിസനസ്സുകൾ വോട്ടിംഗിലൂടെ നടത്തുവാനുള്ള സംവിധാനം നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡ് (NSDL) ഒരുക്കും .

അംഗങ്ങൾക്ക് പൊതുയോഗം നടക്കുന്ന സ്ഥലമല്ലാത്ത എവിടെ നിന്നെങ്കിലും വോട്ട് ( റിമോട്ട് ഇ - വോട്ടിംഗ്) രേഖപ്പെടുത്താം. റിമോട്ട് ഇ - വോട്ടിംഗിനുള്ള കാലാവധി 2017 ജൂലൈ 2 - ന് (രാവിലെ 10.00 മണി) ആരംഭിച്ച് 2017 ജൂലൈ 4 - ന് (വൈകിട്ട് 5.00 മണി) അവസാനിക്കും. കമ്പനിയുടെ ഓഹരിയുടമകൾക്ക്, അതായത് കട്ട് ഓഫ് ഡേറ്റായ 2017 ജൂൺ 28 -ന് കമ്പനിയുടെ ഓഹരിയുടമകളുടെ രജിസ്റ്ററിൽ പേരുണ്ടെങ്കിൽ, ഈ കാലയളവിൽ ഇലക്ട്രോണിക് രീതിയിൽ റിമോട്ട് ഇ - വോട്ടിംഗോ അല്ലെങ്കിൽ വാർഷിക പൊതുയോഗത്തിൽ പോളിംഗ് പേപ്പറിലോ വോട്ട് രേഖപ്പെടുത്താം. ഇതിനുശേഷം ഇ - വോട്ടിംഗ് മൊഡ്യൂൾ NSDL നിർവീര്യമാക്കും. ഒരു പ്രമേയത്തിൻമേൽ അംഗം വോട്ട് ചെയ്തു കഴിഞ്ഞാൽ പിന്നീട് അത് മാറ്റി രേഖപ്പെടുത്തുവാൻ അനുവദിക്കില്ല.

റിമോട്ട് ഇ - വോട്ടിംഗിലൂടെ വോട്ട് രേഖപ്പെടുത്തിയ അംഗങ്ങൾക്ക് പൊതുയോഗത്തിൽ പങ്കെടുക്കാമെങ്കിലും അവിടെ വീണ്ടും വോട്ട് ചെയ്യുവാനാവില്ല. വാർഷിക പൊതുയോഗം സംബന്ധിച്ച നോട്ടീസ് അയച്ച ശേഷം ഓഹരികൾ വാങ്ങുകയും കമ്പനിയിൽ അംഗമാവുകയും, ഓഹരികൾ 2017 ജൂൺ 28ന് മുൻപായി സ്വന്തമാക്കുകയും ചെയ്തവർക്ക് evoting@nsdl.com വെബ്സൈറ്റിലേക്ക് login ID, പാസ് വേർഡ് എന്നിവയ്ക്കായി അക്ഷേ അയച്ചു നൽകാവുന്നതാണ്.തുടർന്ന്, അവയ്ക്ക് അനുസൃതമായി വോട്ട് ചെയ്യേണ്ടതുമാണ്. എന്നാൽ ഇ - വോട്ടിംഗിനായി ഇതിനോടകം NSDL -ൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർ കൈവശമുള്ള login ID, പാസ്വേർഡ് എന്നിവ ഉപയോഗിച്ച് വോട്ട് ചെയ്യേണ്ടതാണ്.

ഇലക്രേ്ടാണിക് വോട്ടിംഗിനുള്ള സംവിധാനം സംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അംഗങ്ങൾക്ക് ശ്രീ. രാജീവ് രഞ്ജൻ, അസ്സിസ്റ്റന്റ് മാനേജർ, NSDL, 4- ാം നില, എ വിംഗ്, ട്രേഡ് വേൾഡ്, കമല മിൽസ് കോമ്പൗണ്ട്, സേനാപതി ബാപത് മാർഗ്, ലോവർ പാരേൽ, മുംബൈ - 400013 എന്ന വിലാസത്തിലോ, evoting@nsdl.com.in or rajivr@nsdl.co.in എന്ന ഇ- മെയിൽ വിലാസത്തിലോ, 1800- 222 - 990 എന്ന ടോൾ ഫ്രീ നമ്പറിലോ ബന്ധപ്പെടാവുന്നതാണ്. ഇക്കാര്യത്തിൽ അംഗങ്ങൾക്ക് കമ്പനി സെക്രട്ടറിയുമായി ബന്ധപ്പെടുവാൻ investors@ptlenterprise.com - ലേക്ക് മെയിൽ അയക്കാവുന്നതാണ്.

കമ്പനീസ് ആക്ട് 2013 - ന്റെ സെക്ഷൻ 91 പ്രകാരവും,SEBI യുടെ 42-ാം നിയമാവലി പ്രകാരവും, (ലിസ്റ്റിംഗ് ഒബ്ലിക്കേഷൻസ് ആൻഡ് ഡിസ്ക്ലോഷർ റിക്വയർമെന്റ്സ്)റെഗുലേഷൻ 2015 പ്രകാരം അംഗങ്ങളുടെ രജിസ്റ്ററും കമ്പനി ഓഹരികളുടെ ക്രയ വിക്രയ പുസ്തകങ്ങളും 2017 ജൂൺ 25 മുതൽ 2017 ജൂലൈ 5 വരെ(2 ദിനങ്ങളും ഉൾപ്പടെ) ഓഹരിതുക നല്കുന്നതിനായി അടച്ചു വയ്ക്കുന്നതായിരിക്കും.

തീയതി : ജൂൺ 12,2017
സ്ഥലം : ഗുർഗോൺ

PTL എന്റർപ്രൈസസിനു വേണ്ടി,
(ഒപ്പ്) പ്രദീപ് കുമാർ
കമ്പനി സെക്രട്ടറി

Business Standard NEW DELHI | MONDAY, 12 JUNE 2017

# PTL Enterprises Limited

**Regd. Office:** 3rd floor, Areekal Mansion, Near Manorama Junction, Panampilly Nagar, Kochi- 682036
**CIN:** L25111KL1959PLC009300, **Website:** www.ptlenterprise.com,
**Email:** investors@ptlenterprise.com; **Tel:** 0484-4012046, 4012047, **Fax:** (0484) - 4012048

## NOTICE OF 56th ANNUAL GENERAL MEETING, REMOTE E-VOTING INFORMATION AND BOOK CLOSURE

**The notice is hereby given that:**

The 56th Annual General Meeting (AGM) of the Company is scheduled to be held on Wednesday, July 5, 2017 at 11.00 A.M. at Aangan, 5th Floor,Bharat Tourist House (BTH) D H Road, Gandhi Square Kochi, Kerela-682016 (Kerala) to transact the businesses, as set out in the Notice of AGM which has been dispatched to the Members of the Company along with Annual Report for the financial year 2016-17. The Electronic copy of the Notice of AGM and the Annual Report 2016-17 of the Company has been sent to all the members whose email IDs are registered with the Company/ Depository Participant(s) for communication purposes, unless any member has requested for a hard copy of the same. The dispatch/emailing of Notices has been completed by the Company on June 10, 2017. The AGM Notice and Annual Report 2016-17 are also available on the Company's website **www.ptlenterprise.com** and the website of National Securities Depository Limited (NSDL) viz. www.evoting.nsdl.com.

Pursuant to provisions of Section 108 of the Companies Act, 2013 read with Rule 20 of the Companies (Management and Administration) Rules, 2014, as amended and regulation 44 of the SEBI (Listing Obligations & Disclosure Requirements) Regulations, 2015, the Company is offering e-voting to all its members. The ordinary and the special business as set out in the AGM Notice may be transacted through voting by electronic means through NSDL.

The members may cast their votes using an electronic voting system from a place other than the venue of the meeting ("remote e-voting"). The remote e-voting facility commences on July 2, 2017 (10:00 am) and ends on July 4, 2017 (5:00 pm). Remote e-voting shall not be allowed beyond the said date and time. During this period, the persons whose name are recorded in the register of members or in the register of beneficial owners maintained by the depositories as on the cut- off date of June 28, 2017, shall be entitled to avail the facility of remote e- voting as well as voting through polling paper in the General Meeting. The e-voting module shall be disabled by NSDL for voting thereafter. Once the vote on a resolution is cast by the member, he shall not be allowed to change it subsequently.

The members who have cast their vote by remote e-voting may attend and participate in the General Meeting but shall not be entitled to vote in the meeting. Any person who have acquired shares and becomes the member of the Company after dispatch of AGM Notice and is holding shares as on the cut-off date i.e June 28, 2017, may obtain the login ID and password by sending a request at evoting@nsdl.co.in and then cast his vote accordingly, However if a person is already registered with NSDL for e-voting then the existing user ID and password can be used for casting vote.

In case of any grievance connected with the facility for voting by electronic means, members can directly contact Mr Rajiv Ranjan, Assistant Manager, NSDL, 4th Floor, 'A' Wing, Trade World, Kamala Mills Compound, Senapati Bapat Marg, Lower Parel, Mumbai- 400 013. Email: evoting@nsdl.co.in or rajivr@nsdl.co.in, Tele phone no(s)- 022-24994738 or Toll free - 1800-222-990. Members may also write to the Company Secretary at the email ID: investors@ptlenterprise.com.

Notice is also hereby given that pursuant to section 91 of the Companies Act, 2013 and Regulation 42 of SEBI (Listing Obligations & Disclosure Requirements) Regulations, 2015, the Register of Members and the Share Transfer books of the Company will remain closed from June 25, 2017 to July 5, 2017 (both days inclusive) for the purpose of payment of dividend on equity shares and AGM.

**For PTL Enterprises Ltd.**
**Sd/-**
**Pradeep Kumar**
**Company Secretary**

**Date : June 12, 2017**
**Place: Gurgaon**